KERALA STATE BRANCH **INDIAN MEDICAL ASSOCIATION**

IMA State Headquarters, Anayara P.O., Thiruvananthapuram-695 029 Tel : 0471-2741144, 2741155. State Secretary : 0471-2741166
E-mail : imaksb@yahoo.co.in Website : www.imakerala.com

| State President | State Secretary | Imm. Past State President | State Treasurer |
|---|---|---|---|
| **Dr. ABRAHAM VARGHESE**<br>Santhome, Najath Road<br>C. Nagar P.O., Kalamassery<br>Cochin – 682 033<br>Mob: 9447797867, 9846598700<br>E-mail: dravarghese@gmail.com | **Dr. P. GOPIKUMAR**<br>'Smruthi', Olarikkara<br>P.O. Pullazhi, Thrissur – 680 012<br>Tel: 0487-2361800<br>Mob: 9400071133<br>E-mail: pgopikumar@gmail.com | **Dr. M.E. SUGATHAN**<br>'Souparnika', N.H. Bye-pass<br>Kodakara P.O., Thrissur - 680 684<br>Tel: 0480-2721723(R) 2720455, 2721006(H)<br>Mob: 9447121723, 9539442446<br>E-mail: drmesugathan@gmail.com | **Dr. LALITH SUNDARAM**<br>'Aswathy'<br>Kuthuparamba<br>Kannur - 670 643<br>Mob: 9747792966<br>E-mail:lalithsundaram1977@gmail.com |


**IMA KSB/SS/HQ/392/2019-'20** **Thiruvananthapuram, Dated 05.06.2020**

**ശ്രീ പിണറായി വിജയൻ**
ബഹു. കേരള മുഖ്യമന്ത്രി

സർ,

**ആരാധനാലയങ്ങൾ ഉടൻ തുറക്കരുത്.**

ഇളവുകൾ പ്രഖ്യാപിച്ച് ലോക്ക് ഡൗൺ തുറന്ന് സാധാരണ ജീവിതത്തിലേക്ക് മടങ്ങാനുള്ള തത്രപ്പാടിൽ ശക്തനായ ഒരു വൈറസ്സിനോടാണ് നമ്മുടെ യുദ്ധമെന്ന് വീണ്ടും വീണ്ടും ഓർമിപ്പിക്കേണ്ടി വരുന്നു. സാമൂഹ്യ അകലം പാലിക്കാതെ ആളുകൾ കൂട്ടംകൂടുന്ന അവസ്ഥയിലാണ് രോഗ വ്യാപനം ക്രമാതീതമായി വർദ്ധിക്കുന്നത് എന്ന കാര്യം ലോകത്ത് എല്ലായിടത്തും അനുഭവമാണ്. ജീവിതാവശ്യ ങ്ങൾക്കായി ഇളവുകൾ നൽകി പുറത്തിറങ്ങിയവർ സാമൂഹ്യ അകലം പാലിക്കാതെ, ശരിയായി മാസ്ക് ധരിക്കാതെ പെരുമാറുന്നത് നാം എല്ലായിടത്തും കാണുന്നുണ്ട്. ഇതെല്ലാം കാണുമ്പോൾ നമ്മുടെ സഹോദരർ ഇതിനൊന്നും സജ്ജരായിട്ടില്ല എന്നാണ് മനസ്സിലാക്കേണ്ടത്.

കഴിഞ്ഞ ആഴ്ചകളിൽ പുറം രാജ്യങ്ങളിൽ നിന്നും അന്യ സംസ്ഥാനങ്ങളിൽ നിന്നും വന്ന നമ്മുടെ സഹോദരങ്ങളിൽ ഭൂരിഭാഗം പേർക്കും അസുഖം ഉണ്ടാവുന്ന അവസ്ഥയുണ്ട്. അവരിൽ ചിലരെങ്കിലും ക്വാറന്റൈൻ ലംഘിക്കുന്നതായും നാം മനസ്സിലാക്കുന്നു. അതുകൊണ്ട് തന്നെ സമൂഹവ്യാപന സാധ്യത കൂടിവരികയും ചെയ്യുന്നു. രോഗം കിട്ടിയത് എവിടെ നിന്നാണ് എന്ന് സ്ഥിരീകരിക്കാൻ സാധിക്കാത്തവ രുടെ എണ്ണവും കൂടുകയാണ്. ഇതിൽ നിന്നും സമൂഹവ്യാപനം നടക്കുന്നു എന്നുതന്നെ വേണം കരുതാൻ.

ഈ ഒരു ഘട്ടത്തിൽ ആരാധനാലയങ്ങളും മാളുകളും തുറക്കുമ്പോൾ രോഗ വ്യാപനം നിയന്ത്രണാ തീതമായി തീരും എന്ന ആശങ്ക മുന്നറിയിപ്പായി ഞങ്ങൾ നൽകുകയാണ്; രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കാനുള്ള സാഹചര്യം ഉണ്ടാക്കരുതെന്നും ഓർമ്മിപ്പിക്കുന്നു. അത്തരമൊരു സാഹചര്യം വന്നാൽ നമ്മുടെ ആരോഗ്യ സംവിധാനം അതീവ സമ്മർദ്ദത്തിൽ ആവുകയും നിയന്ത്രണം നഷ്ടപ്പെടുന്ന

അവസ്ഥയുണ്ടാവുകയും ചെയ്യും. മറ്റു രാജ്യങ്ങളിലും ഇന്ത്യയിലെ മറ്റു സംസ്ഥാന ങ്ങളിലും ഉണ്ടായത് പോലെ ആശുപത്രികൾ രോഗികളെ കൊണ്ട് നിറഞ്ഞ് ആരോഗ്യ പ്രവർത്തകരും ഭരണ സംവിധാനങ്ങളും പകച്ചു നിൽക്കേണ്ട അവസ്ഥ ഉണ്ടാവാൻ അനുവദിക്കരുത്.

ആരാധനാലയങ്ങളും മാളുകളും അതുപോലെ ആളുകൾ കൂട്ടംകൂടാൻ സാധ്യതയുള്ള സ്ഥലങ്ങളും ഇപ്പോൾ തുറക്കരുതെന്ന് തന്നെയാണ് ഐ.എം.എ.യുടെ സുചിന്തിതമായ അഭിപ്രായം.

വിശ്വസ്തതയോടെ,

**ഡോ. എബ്രഹാം വർഗ്ഗീസ്**
ഐ.എം.എ. സംസ്ഥാന പ്രസിഡന്റ്

INDIAN MEDICAL ASSOCIATION
KERALA STATE BRANCH

**ഡോ. പി. ഗോപികുമാർ**
ഐ.എം.എ. സംസ്ഥാന സെക്രട്ടറി

പകർപ്പ് : **ശ്രീമതി കെ.കെ. ശൈലജ ടീച്ചർ,** ബഹു. ആരോഗ്യ വകുപ്പു മന്ത്രി

**ഡോ. വിശ്വാസ് മേത്ത ഐ.എ.എസ്.,** ചീഫ് സെക്രട്ടറി, കേരള

**ശ്രീ. രാജൻ എൻ. കോബ്രഗഡെ ഐ.എ.എസ്.,**
ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

**ഡോ. ബി. ഇക്ബാൽ**, സ്റ്റേറ്റ് എക്സ്പെർട്ട് കമ്മിറ്റി